**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5452** **03-11-2021 - ൽ മറുപടിയ്ക്ക്**

**വിചാരണ തടവുകാരുടെ ശിക്ഷാ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഒരു വർഷം പിന്നിട്ട എത്ര വിചാരണ തടവുകാർ സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഒരു വർഷം പിന്നിട്ട 417 വിചാരണ തടവുകാർ സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്നുണ്ട്; ഇതിൽ 9 പേർ വനിതാ ജയിലിലുള്ളവരാണ്. 39 പേർ അതീവ സുരക്ഷാ ജയിലിലാണ്. |
| (ബി) | യു.എ.പി.എ. ചുമത്തപ്പെട്ട എത്രപേർ ഇത്തരത്തിൽ വിചാരണത്തടവുകാരായി കഴിയുന്നുണ്ട്; വ്യക്തമാക്കുമോ; | (ബി) | യു.എ.പി.എ. ചുമത്തപ്പെട്ട 28 പേർ വിചാരണത്തടവുകാരായി കഴിയുന്നുണ്ട്. |
| (സി) | ലഭിച്ചേക്കാവുന്ന ശിക്ഷാ കാലാവധിയേക്കാൾ കൂടുതൽ കാലം വിചാരണത്തടവുകാരായി ജയിലുകളിൽ കഴിയേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ലഭിച്ചേക്കാവുന്ന ശിക്ഷാ കാലാവധിയേക്കാൾ കൂടുതൽ കാലം വിചാരണത്തടവുകാരായി ജയിലുകളിൽ കഴിയേണ്ടി വരുന്ന സാഹചര്യം ജയിലുകളിൽ നിലവിലുള്ളതായി കാണുന്നില്ല. വിചാരണ തടവുകാർ കൂടുതൽ കാലം ജയിലിൽ കഴിയേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. (1) Under Trial Review Committee / District Level Committee 3 മാസത്തിലൊരിക്കൽ കൂടുകയും കേസുകളുടെ കാലതാമസം ഒഴിവാക്കുന്നതിനും വേഗത്തിൽ വിചാരണ നടത്തുന്നതിനും വേണ്ട നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. എല്ലാ ജില്ലകളിലും വിചാരണ തടവുകാരായ അന്തേവാസികളുടെ മോചനം സംബന്ധിച്ച് Under Trial Review Committee / District Level Committee കൂടി കേസുകൾ പരിഗണിക്കുന്നുണ്ട്. (2) 436 A CrPC പ്രകാരമുള്ള വിട്ടതൽ ലഭിക്കാവുന്ന ശിക്ഷയേക്കാൾ കൂടുതൽ ഒരു കേസിൽ പകുതിയിലധികം കഴിഞ്ഞുവെങ്കിൽ അവരെ മോചിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. കേരളത്തിലെ ജയിലുകളിൽ കഴിഞ്ഞുവരുന്നവരിൽ ഇത്തരം അന്തേവാസികൾ ആരും തന്നെ നിലവിലില്ല. (3) 167 CrPC പ്രകാരം 10 വർഷമോ അതിൽ കൂടുതലോ ശിക്ഷ ലഭിക്കാവുന്ന കേസുകളിൽ ചാർജ്ജ് ഷീറ്റ് 90 ദിവസത്തിനകവും, മറ്റു |

| | | | |
|---|---|---|---|
| | | | കേസുകളിൽ 60 ദിവസത്തിനകവും ഫയൽ ചെയ്യണം. അല്ലായെങ്കിൽ അവരെ ജാമ്യത്തിൽ വിടുന്നതാണ്. (4) ലീഗൽ സർവ്വീസസ് അതോറിറ്റി നിയമ സഹായ സമിതി വഴിയും 'plea bargaining' നടത്തുക വഴിയും കേസുകളിൽ ഒത്തുതീർപ്പ് ഉണ്ടാകുന്നുണ്ട്. (5) നിയമ സഹായം, ലീഗൽ സർവ്വീസസ് അതോറിറ്റി വഴി അഡ്വക്കേറ്റിന്റെയും കൗൺസലറുടെയും, പാരാ ലീഗൽ വോളന്റിയേഴ്സിന്റെയും സേവനം എന്നിവ നൽകി വരുന്നു. (6) ഗുരുതര രോഗമുള്ളവരെയും മറ്റും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്ത് മോചനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. (7) വീഡിയോ കോൺഫറൻസിംഗ് വഴി കേസുകൾ കാലതാമസം കൂടാതെ തീർപ്പാക്കി വരുന്നുണ്ട്. (8) പ്രൊബേഷൻ ഓഫ് ഓഫൻഡേഴ്സ് ആക്ട് സെക്ഷൻ 4 (3) പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. (9) ചെറിയ കുറ്റം ചെയ്തവരെ പ്രൊബേഷനിൽ വിടുന്നതിന് ശുപാർശ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നുണ്ട്. (10) ആദ്യ കുറ്റവാളികളെയും യുവ കുറ്റവാളികളെയും "താക്കീത്" നൽകി മോചിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. (11)പ്രത്യേക കോടതികൾ രൂപീകരിച്ച് വിചാരണ വേഗത്തിലാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. (12) ജില്ലാ ജഡ്ജിമാർ, ജയിൽ വകുപ്പ് അദ്ധ്യക്ഷൻ, KELSA / DLSA മെമ്പർമാർ, മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങൾ തുടങ്ങിയവരുടെ ജയിൽ സന്ദർശനം അന്തേവാസികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കി ജാമ്യം / വിചാരണ ഇവ വേഗത്തിൽ ആക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ